ഐ.സി ഓഫ് ഇൻഡ്യയുടെ സഹകരണത്തോടെ ഒരു പെൻഷൻ പദ്ധതിക്കും സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഇവർ നിക്ഷേപിക്കുന്ന തുകയുടെ നീക്കിയിരിപ്പ് ഉൾപ്പെടെ മൊത്തം നീക്കിയിരിപ്പിന്റെ 80% കേന്ദ്ര ഗവൺമെന്റിൽ നിന്നും 12% പലിശയ്ക്ക് ദീർഘകാല വായ്പയായി സംസ്ഥാന സർക്കാരിന് ലഭിക്കുന്നു.

(സി) ഈ വർഷം ഓണത്തോടനുബന്ധിച്ച് വാർഷിക ബോണസ്സും, കുടിശ്ശികയായി കിടന്ന പ്രതിമാസ പ്രോത്സാഹന അലവൻസും കൊടുത്തു. ശേഷിക്കുന്ന കുടിശ്ശിക നൽകുന്നതിനുള്ള തുക എത്രയും പെട്ടെന്ന് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മദ്യദുരന്തം

57 (390) ശ്രീ. ഉമ്മൻ ചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഉണ്ടായ ഓരോ മദ്യദുരന്ത കേസിലും കുറ്റക്കാരുടെ പേരിൽ എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) ഇതിൽ എന്തെങ്കിലും കേസുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം കേസുകളിൽ ആരെയെല്ലാം ശിക്ഷിച്ചുയെന്ന് വ്യക്തമാക്കുമോ;

(ഡി) കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഉണ്ടായ മദ്യദുരന്തത്തിന് ഇടയായ വിഷമദ്യം വിറ്റസ്ഥലത്ത് പോലീസ് എക്സൈസ് ഡിപ്പാർട്ടുമെന്റുകൾ റെയ്ഡ് നടത്തിയിരുന്നുവോ;

(ഇ) എങ്കിൽ എത്രപ്രാവശ്യം റെയ്ഡ് നടത്തിയെന്നും അതിന്റെ പേരിൽ കേസ് എടുത്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും വെളിപ്പെടുത്താമോ;

(എഫ്) കല്ലുവാതുക്കൽ വിഷമദ്യം വിറ്റ സ്ഥലത്തെക്കുറിച്ച് പോലീസിന് അറിയാമായിരുന്നുവെന്നും റെയ്ഡ് നടത്തുവാൻ ചിലർ തടസ്സം നിന്നതുകൊണ്ട് സാധിച്ചില്ല എന്നും ഹൈക്കോടതിയിൽ ജില്ലാ പോലീസ് സൂപ്രണ്ട് സത്യവാങ്മൂലം നൽകിയിട്ടുണ്ടോ;

(ജി) ആരൊക്കെയാണ് തടസ്സം നിന്നത് എന്ന് ഗവൺമെന്റ് അന്വേഷിച്ചിട്ടുണ്ടോ;

(എച്ച്) എങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുള്ള ഓരോ മദ്യദുരന്തക്കേസ്സിലും അന്വേഷണം നടത്തി കുറ്റക്കാരായവരുടെ പേരിൽ കർശന നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2000 ഒക്ടോബർ മാസത്തിൽ തിരുവനന്തപുരം ജില്ലയിൽ പള്ളിപ്പുറത്തും, കൊല്ലം ജില്ലയിൽ കല്ലുവാതുക്കൽ, കൊട്ടാരക്കര എന്നീ സ്ഥലങ്ങളിലും ഉണ്ടായ വിഷമദ്യദുരന്തം സംബന്ധിച്ച കേസുകൾ പ്രത്യേക

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷണ സംഘങ്ങളെ നിയോഗിച്ച് ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു.

(ബി) ഇല്ല.

(സി) ഉത്തരം 'ബി' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) ദുരന്തം നടക്കുന്നതിനുമുമ്പ് പലപ്പോഴായി പോലീസ് 120 പ്രാവശ്യവും, എക്സൈസ് 51 പ്രാവശ്യവും റെയിഡുകൾ നടത്തിയിട്ടുണ്ട്.

(ഇ) പോലീസ് 120 പ്രാവശ്യം റെയ്ഡ് നടത്തുകയും ഇതു സംബന്ധിച്ച് രണ്ടു കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പാരിപ്പള്ളി പി.എസ്.ക്രൈം-137/97-ഉം 200/97-ഉം. ഇതുകൂടാതെ എക്സൈസ് 51 പ്രാവശ്യം റെയ്ഡ് നടത്തിയിട്ടുണ്ട്. മദ്യദുരന്തകേസിലെ പ്രതിയായ ശ്രീമതി ഹയറുന്നീസയുടെ പേരിൽ 67 അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 8.4.96-ൽ വ്യാജമദ്യം കഴിച്ചു മരിച്ച അപ്പു എന്ന ആളുടെ മരണവുമായി ബന്ധപ്പെട്ട കേസിൽ ഇവർക്ക് 6 വർഷവും ഭർത്താവ് രാജന് 5 വർഷവും കഠിന തടവ് ലഭിച്ചതാണ്.

(എഫ്) ഇല്ല.

(ജി) ഉത്തരം 'എഫ്' ന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(എച്ച്) ഉത്തരം 'ജി'യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

മദ്യനയം

58 (391) ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ-എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനയത്തിൽ മാറ്റം വരുത്തുവാൻ സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റം വരുത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) റെയിഞ്ചടിസ്ഥാനത്തിലുള്ള ഷാപ്പ് ലേലം അവസാനിപ്പിച്ച് ഷാപ്പുകൾ പ്രത്യേകം പ്രത്യേകം ലേലം ചെയ്യുവാൻ പരിപാടിയുണ്ടോ;

(സി) എങ്കിൽ ഇതുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) ഇപ്പോൾ ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വ്യാജമദ്യത്തിനെതിരെ റിപ്പോർട്ടുകൾ

59 (392) ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly